ഉത്തരം

(എ) ഇല്ല.

(ബി and സി) ബോർഡ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ച് ഒരു പുതിയ സെക്ഷൻ ആരംഭിക്കേണ്ടേ ആവശ്യമുണ്ടാകുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

മേലുദ്യോഗസ്ഥൻമാർ മോശമായ രീതിയിൽ പെരുമാറുന്നതായി പരാതി

960 [1549] ശ്രീ. പി.കെ. ചാത്തൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി നിയമനം ലഭിച്ച പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ജീവനക്കാരോട് ചില മേലുദ്യോഗസ്ഥൻമാർ വളരെ മോശമായ രീതിയിൽ പെരുമാറുന്ന സംഭവങ്ങൾ ചൂണ്ടിക്കാണിച്ചാൽ അവ മേലാൽ ഉണ്ടാകാതിരിക്കത്തക്ക നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

വ്യക്തമായ അത്തരം സംഭവങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നാൽ തക്കതായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഇലക്ട്രിക്കൽ സബ്ഡിവിഷൻ തുടങ്ങുന്നതിനുള്ള മാനദണ്ഡം

961 [1550] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഒരു ഇലക്ട്രിക്കൽ സബ്ഡിവിഷൻ തുടങ്ങുന്നതിന് കെ.എസ്. ഇ.ബി. നിർദ്ദേശിച്ചിട്ടുള്ള അംഗീകൃത മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

നിലവിലുള്ള അംഗീകൃത മാനദണ്ഡമനുസരിച്ച് ഒരു ഇലക്ട്രിക്കൽ സബ്ഡിവിഷൻെറ കീഴിൽ മൂന്ന് മുതൽ അഞ്ചുവരെ സെക്ഷനുകൾ പ്രവർത്തിക്കാവുന്നതാണ്. സെക്ഷനുകളുടെ എണ്ണം ആറാകുമ്പോൾ ആ സബ്ഡിവിഷൻ വിഭജനത്തിന് പര്യാപ്തമാകുകയും പുതിയ സബ്ഡിവിഷനുകൾ തുടങ്ങുകയും ചെയ്യുന്നു.

സംസ്ഥാന പ്ലാനിംഗ് ബോർഡ്

962 [1551] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡിൻെറ പുനഃസംഘടന എപ്പോൾ നടക്കുമെന്ന് വ്യക്തമാക്കാൻ കഴിയുമോ;

(ബി) സംസ്ഥാന പ്ലാനിംഗ് ബോർഡിലെ അംഗങ്ങൾ ആരെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരിൽ ഹരിജനങ്ങളുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) ബോർഡ് പുനഃസംഘടിപ്പിക്കുമ്പോഴും ഒരു ഹരിജനെ കൂടി അതിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിയുന്നത്ര വേഗത്തിൽ പ്ലാനിംഗ് ബോർഡ് പുനഃസംഘടിപ്പിക്കുന്നതാണ്.

(ബി) പ്ലാനിംഗ് ബോർഡിലെ ഇപ്പോഴത്തെ അംഗങ്ങൾ താഴെ പറയുന്നവരാണ്:

1. ചെയർമാൻ മുഖ്യമന്ത്രി
2. വൈസ് ചെയർമാൻ, ശ്രീ. കെ.വി. ചാണ്ടി.

അംഗങ്ങൾ

3. ധനകാര്യമന്ത്രി
4. വ്യവസായമന്ത്രി
5. ആഭ്യന്തരമന്ത്രി
6. വിദ്യാഭ്യാസമന്ത്രി
7. റവന്യൂമന്ത്രി
8. ചീഫ് സെക്രട്ടറി.
9. കമ്മീഷണർ ഫോർ എക്കണോമിക് ആൻഡ് ഡവലപ്പ്മെന്റ്.
10. ഫൈനാൻസ് സ്പെഷ്യൽ സെക്രട്ടറി.

പാർട്ട് ടൈം അംഗങ്ങൾ

11. പ്രൊ: എബ്രഹാം.
12. ഡോ. എൻ. പരമേശ്വരൻനായർ
13. പ്രൊ: സി. കരുണാകരൻ
14. ശ്രീ. എം. ഗോപാലമേനോൻ
15. ശ്രീ. ജി.പി. വാര്യർ
16. മെമ്പർ-സെക്രട്ടറി സംസ്ഥാനപ്ലാനിംഗ് ബോർഡ്.

(സി) ഇല്ല.

(ഡി) പ്ലാനിംഗ് ബോർഡ് അംഗങ്ങളുടെ നിയമനത്തിൽ ജാതി പരിഗണന ഒരു മാനദണ്ഡമായിരുന്നില്ല.

(ഇ) ഈ നിർദ്ദേശം കൂടി പരിഗണിക്കുന്നതാണ്.

കൊപ്രയും റബ്ബറും ഇറക്കുമതി

963 [1552] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്രയും റബ്ബറും ഇറക്കുമതി കേരളത്തോട് ആലോചിച്ചതിന് ശേഷമേ കേന്ദ്രം നടത്തുകയുള്ളുവെന്ന് മുഖ്യമന്ത്രിക്ക് ഉറപ്പുലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly